

RAINBOW

SMCM NEWSLETTER


EDITORIAL BOARD

- Fr Joy Thottamkara C.Ss.R
- Mr. Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas
- Website Manager: Joby Cyriac


CONTENTS


- Editorial
- Messages
- Articles
- Family Column
- Community News
- Events
- Bible Quiz
- Holy Week Celebrations


# Editorial

Vol .4 Date: 07/04/13



ഒരു വേനൽക്കാലം കൂടി നമ്മുടെ ജീവിതത്തിൽനിന്നും പടിയിറങ്ങുകയാണ്. സദാ ചിരി തൂകി നിന്നിരുന്ന സൂര്യന്റെ തീക്ഷ്ണമേറിയ കിരണങ്ങൾ ശൈത്യത്തിന്റെ കാർമുകിലുകൾക്കും ഹിമകണങ്ങൾക്കുമായി വഴിമാറിയിരിക്കുന്നു. ശിശിരത്തിൽ പൊഴിയുന്ന മഞ്ഞുകണങ്ങളിൽ - കതിരോന്റെ നേർത്ത കിരണങ്ങൾ പതിഞ്ഞു, അങ്ങകലെ ആകാശവീഥിയിൽ ഒരു മഴവില്ല് പ്രത്യക്ഷമായിരിക്കുന്നു. ശിശിരത്തിന്റെ ആഗമനം വിളിച്ചോതി, പ്രത്യാശയുടെ പ്രതീകമായ ഉയർത്തെഴുന്നേൽപ്പിന്റെ സന്ദേശവുമായി ഒരു മഴവില്ല് കൂടി പ്രത്യക്ഷമായിരിക്കുന്നു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹനത്തിന്റെയും പ്രതീകമായ ഈശോയുടെ കുരിശുമരണവും മാനവരാശിയുടെ മുഴുവൻ പ്രത്യാശയുടെ പ്രതീകമായ ഈശോയുടെ ഉയിർത്തെഴുന്നേൽപ്പിന്റേയും സന്ദേശവുമായി നമ്മുടെ ‘‘rainbow’’ വീണ്ടും എത്തുകയാണ്.

ഒരു ക്രൈസ്തവന്റെ വിശ്വാസജീവിതത്തിലെ ഏറ്റവും പ്രധാനമായ ഒരു ആഘോഷമാണ് ഈസ്റ്റർ. ഈസ്റ്ററിന്റെ പ്രാധാന്യവും അർത്ഥവുമെല്ലാം ‘പ്രത്യാശ അഥവാ പ്രതീക്ഷ’ എന്ന വാക്കിൽ അടങ്ങിയിരിക്കുന്നു. കുരിശുമരണമെന്ന വലിയ സഹനത്തിലൂടെ തന്റെ ജനതയുടെ പാപമോചനം സാധ്യമാകുമെന്ന പ്രത്യാശ ക്രിസ്തുവിനുണ്ടായിരുന്നു.ഒരു വ്യക്തിയുടെ ജീവിതത്തിൽ അവനെ മുൻപോട്ടു നയിക്കുന്നത് അവന്റെ പ്രത്യാശയാണ്. അവന്റെ ഹൃദയത്തിൽ ഉളവാകുന്ന വിശ്വാസത്തിലൂന്നിയ പ്രതീക്ഷയാണ് അവന്റെ ജീവിതപ്രയാണത്തിന്റെ അടിസ്ഥാനം. തന്റെ ദുഃഖങ്ങൾക്കും, ദുരിതങ്ങൾക്കും പീഡകൾക്കും അറുതിവരുമെന്നും ഒരു നല്ല കാലം തനിക്കായി കാത്തിരിപ്പുണ്ടെന്ന വിശ്വാസം. ഏതു പ്രതീക്ഷയറ്റ നേരത്തും പ്രത്യാശ നമ്മുക്കു അപ്രതീക്ഷിതമായ കരുത്തു നൽകുന്നു. ഈസ്റ്റർ ഈശോയുടെ മരണത്തിൽനിന്നും ജീവിതത്തിലേക്കുള്ള ഉയിർത്തെഴുന്നേൽപ്പാണ്. മരണത്തെ കീഴടക്കിയതിലൂടെ യേശു നമുക്കു കാണിച്ചുതരുന്നത് മരണം ജീവിതത്തിന്റെ അവസാനമല്ല എന്നാണ്. മരണം ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണതയിലേക്കുള്ള അടുത്ത ചവിട്ടുപടിയാണ്. അതിരുകളില്ലാത്ത ദൈവസ്നേഹം അനുഭവിക്കുവാനുള്ള യാത്രയുടെ ആരംഭം.

ഈ ഉയിർപ്പുകാലം ആഗോളകത്തോലിക്കസഭയ്ക്കു കൂടുതൽ പ്രാധാന്യമുള്ളതാണ്. സഭയ്ക്കു വലിയ പ്രത്യാശയേകി ഒരു വലിയ ഇടയൻ നമുക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കത്തോലിക്കാസഭയെ ആത്മീയമായ ഉയർച്ചയിലേക്കു നയിക്കുവാൻ പരിശുദ്ധ ഫ്രാൻസിസ് ഒന്നാമൻ മാർപ്പാപ്പയ്ക്കു അനുഗ്രഹങ്ങൾ ചൊരിയുവാൻ ഈ വേളയിൽ നമുക്കു ഉയിർത്തെഴുന്നേൽക്കപ്പെട്ട ഈശോയോട് പ്രാർത്ഥിക്കാം.

എല്ലാവർക്കും ഈസ്റ്റർ മംഗളങ്ങൾ നേർന്നുകൊണ്ട് ഈ ലക്കം നമ്മുടെ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു. എന്ന്

എഡിറ്റോറിയൽ ടീമിനുവേണ്ടി
ഷിബു മാത്യു.

# Message from Fr Joy Thottamkara, CSsR, Chaplain








**Jesus proclaimed, "I have come that they may have life and have it in abundance" (Jn 10:10).** In the life-giving process, Christ had to go through suffering and death but, which led to the joy of the resurrection. Seeing the risen Lord transformed the lives of the disciples; their grief turned into joy; they become courageous witnesses of the resurrection, ready to lay down their life for the Master. The resurrection experience filled their hearts with joy and hope.

This year we have had wonderful Easter experience. The retreat by Fr. Biju Kunnumpurathu C.Ss.R was a new and touching experience to one and all . The huge attendance for all our Holy Week services surprised many. I thank the SM Mission Council and all those who worked hard to make Easter programmes a big success. I congratulate our year 12 Sunday school students who received diploma certificate on Easter day. Let the risen Lord continue to inspire us. May our hearts be filled with the joy and hope of the Resurrection.

I wish you all Happy Easter. May the Risen Christ bless you with His Peace and Joy.

## Easter Blessings by Fr Biju Kunnumpurathu CSsR



**''വിദൂരത്തിൽനിന്നു കർത്താവ് അവനു പ്രത്യക്ഷനായി അരുളിച്ചെയ്തു: എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും'' (ജെറ. 31:3).**

ദൈവപരിപാലനയുടെയും ദൈവസ്നേഹത്തിന്റെയും പുണ്യമുഹൂർത്തങ്ങൾ ആവോളം അനുഭവിച്ചും മാനുഷികസ്നേഹത്തിന്റെയും, കരുതലിന്റെയും ധന്യനിമിഷങ്ങൾ നെഞ്ചിലേറ്റിയും ഈ നാടിനോട് യാത്ര ചോദിക്കാൻ ഒരുങ്ങുമ്പോൾ, ജോയി അച്ചന്റെ ഒരു നിർദ്ദേശം 'റെയിൻബോയ്ക്കു വേണ്ടി ഒരു സന്ദേശം' അതു കൊണ്ട് ഇതാ ഞാൻ!

ആദ്യവിദേശയാത്രയുടെ അസ്വസ്ഥതകൾ നെഞ്ചിലേറ്റിയാണ് ഞാനും ബിബിനും മാർച്ച് 7-ന് നെടുമ്പാശ്ശേരിയിൽനിന്ന് യാത്ര തിരിക്കുന്നത്. മുന്നിൽ നീണ്ടുകിടക്കുന്ന 14 മണിക്കൂർ യാത്ര, ഇവിടെയെത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകൾ പക്ഷേ അവയെല്ലാം കാറ്റിൽ പറത്തുന്നവയായിരുന്നു, ഓക്‌ലാൻഡ് എയർപോർട്ടിൽ കാല് കുത്തിയപ്പോൾ ഉണ്ടായ അനുഭവങ്ങൾ നിറഞ്ഞ ചിരിയോടെ ഞങ്ങളെ സ്വീകരിച്ച ജോയി അച്ചനും, ജോസും എത്ര ഹൃദ്യമായ സ്വീകരണം! തുടർന്നങ്ങോട്ട് ധ്യാനദിവസങ്ങൾ.

വിശ്വാസത്തിനുവേണ്ടി നിലകൊള്ളാൻ തയ്യാറായ മക്കൾ അവധിയെടുത്തും, ജോലി ധ്യാനത്തിനനുസരിച്ച് ക്രമപ്പെടുത്തിയും സഹകരിച്ചവർ. ഓരോ സ്ഥലത്തും ഓരോ അനുഭവങ്ങൾ, ആതിഥേയമനോഭാവത്തോടെ, അതിലേറെ ഒരു കുടുംബമായി ഞങ്ങളോട് പെരുമാറിയ ഓക്‌ലന്റുകാർ, സ്നേഹത്തിന്റെയും കരുതലിന്റെയും വക്താക്കളായി മാറിയ ഹാമിൽട്ടൺ നിവാസികൾ. ചെറുതെങ്കിലും വിശ്വാസത്തോടെയും അതിലേറെ പ്രത്യാശയോടെയും പെരുമാറിയ ഫ്രാങ്കരേ സഹോദരങ്ങൾ അത്മായ നേതൃത്വത്തിന്റെ കൂട്ടായ്മയുടെയും വിവിധ മുഖങ്ങൾ കാണിച്ചു തരികയും ഒറ്റകെട്ടായി നിലകൊള്ളുകയും ചെയ്ത ക്രൈസ്റ്റ് ചർച്ച് വിശ്വാസികൾ എല്ലാം ദൈവസ്നേഹത്തിന്റെ ഭിന്നമുഖങ്ങളായിരുന്നു.

പീഡാസഹനആഴ്ച തീരുന്നു. നമ്മൾ ഉയിർപ്പിന്റെ മഹോത്സവത്തിൽ. ദൈവം നമുക്ക് നൽകിയ സന്ദേശം ലളിതമായിരുന്നു. ''നിങ്ങൾക്ക് സമാധാനം''. അതാണ് എനിക്കും പറയാനുള്ളത്. ആശ്വാസദായകനായ ദൈവം, പാപത്തിൽ നിന്ന് നമ്മെ മോചിപ്പിച്ച് ദൈവം, നമ്മുടെ ദൈനംദിനജീവിതത്തിലെ അസ്വസ്ഥതകളിൽ ആശ്വാസമായി, ശാന്തിയായി കടന്നുവരട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി

## Chairman, Commission for Evangelization and Pastoral Care of the Migrants



ഈശോയിൽ സ്നേഹമുള്ള വൈദികസഹോദരങ്ങളെ, സന്യസ്തരെ, സഹോദരിസഹോദരന്മാരെ, കുഞ്ഞുമക്കളെ

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായെപ്പോലെ ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യം നൽകാൻ ദൈവത്താൽ പ്രത്യേകം നിയോഗിക്കപ്പെട്ട പ്രവാസികളായ സീറോ മലബാർ സഭയിലെ എന്റെ സഹോദരർക്ക് ഉത്ഥാനതിരുനാളിന്റെ പ്രാർത്ഥനാ മംഗളങ്ങൾ ആശംസിക്കുന്നു. മനുഷ്യവംശത്തിനു ലഭിച്ച രക്ഷയുടെ ആഘോഷമാണല്ലോ ഉയിർപ്പുതിരുനാൾ. **''യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും'' (റോമ 10:9)** എന്ന് പൗലോസ് ശ്ലീഹ പഠിപ്പിക്കുമ്പോൾ മനുഷ്യരക്ഷ ഉത്ഥാനത്തോട് ദൃഢബന്ധിതമാണെന്ന് വ്യക്തമാണല്ലോ. അതിനാൽ ഉത്ഥാനത്തെ അവിശ്വസിക്കുന്നവൻ ക്രൈസ്തവനല്ല. കാരണം മനുഷ്യന്റെ ഈ ലോകജീവിതത്തിന് അർത്ഥം കൊടുക്കുന്നത് മരണത്തെ തുടർന്നുള്ള നിത്യജീവിതമാണെങ്കിൽ ആ അനശ്വരജീവിതത്തിന് അച്ചാരമായി ഭവിക്കുന്ന മിശിഹായുടെ ഉത്ഥാനം ക്രൈസ്തവന്റെ സത്തയെ നിർണ്ണയിക്കുന്ന പരമപ്രധാന ഘടകമാണ്. പരിശുദ്ധ കത്തോലിക്കസഭ വിശ്വാസവർഷം പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ വിശ്വാസപ്രമാണം സഭയുടെ ധ്യാനത്തിന്റെയും ആത്മശോധനയുടെയും പ്രധാനപ്രമേയമാണല്ലോ. 12 വിശ്വാസരഹസ്യങ്ങൾ അടങ്ങിയ വിശ്വാസപ്രമാണത്തിലെ ഓരോ രഹസ്യവും പരസ്പരപൂരകമാണ്. ഇതിൽ ഒന്നാമത്തെ വിശ്വാസരഹസ്യം സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസവും ഏറ്റവും ഒടുവിലത്തേത് ശരീരങ്ങളുടെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലുമുള്ള വിശ്വാസമാണല്ലോ. ഒരു ദൈവശാസ്ത്രജ്ഞൻ ഇങ്ങനെ പറയുന്നു. ''ആദ്യത്തെ പ്രമാണം അംഗീകരിക്കാത്തവന് അവസാനത്തേതും അവസാനത്തെ പ്രമാണം അംഗീകരിക്കാത്തവന് ആദ്യത്തേതും അംഗീകരിക്കാനാവില്ലെന്ന്''. ഉത്ഥാനവും വിശ്വാസവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്.

രക്ഷയുടെ ഈ അനുഭവം സ്വന്തമാക്കാൻ ഉത്ഥാനതിരുനാൾ നമ്മെ ആഹ്വാനം ചെയ്യുന്നു. ഭാരതം വരെ മിശിഹായുടെ സുവിശേഷം അറിയിക്കാൻ മാർത്തോമാശ്ലീഹായെ പ്രാപ്തനാക്കിയത് ഉത്ഥാനത്തിലൂടെ കരഗതമായ ഈ രക്ഷാനുഭവത്തിന്റെ തീവ്രതയാണ്. ഉത്ഥിതനെ കണ്ടമാത്രയിൽ ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്ന് ഏറ്റുപറഞ്ഞ് ആഴമായ രക്ഷാകരനുഭവത്തിന്റെ പടവുകൾ താണ്ടിയ തോമാശ്ലീഹാ, മൈലാപ്പൂരിൽ വച്ച് ശരീരത്തിലൂടെ ശൂലം ആഴ്ന്നിറങ്ങിയപ്പോഴും ഈ രക്ഷാകര അനുഭവത്തിൽനിന്ന് അണുവിട വ്യതിചലിക്കുന്നില്ല. **''എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്'' എന്ന് ഏറ്റുപറഞ്ഞ വി. പൗലോസും ''എനിക്ക് എന്റെ ഈശോയെ മാത്രം മതി മറ്റൊന്നും എനിക്കുവേണ്ട'' എന്ന് സഹനത്തിന്റെ മഷിതണ്ടുകൊണ്ട് അടിവരയിട്ട വി. അൽഫോൻസമ്മയും** മിശിഹായോടുള്ള സ്നേഹത്തിൽ ഉത്ഥാനം പകർന്ന രക്ഷയുടെ അനുഭവം സ്വന്തമാക്കിയവർ തന്നെ.

അപ്പസ്തോലപ്രവർത്തനത്തിൽ ആദിമക്രൈസ്തവ സമൂഹത്തിന്റെ ഉത്ഥാനത്തിന്റെ ആദ്യഫലമായ സഭയുടെ, ജീവിതശൈലി ഈ രക്ഷാകര അനുഭവത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. **അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നുവെന്ന് (നട 2:42) വി. ലൂക്ക രേഖപ്പെടുത്തുന്നുണ്ടല്ലോ.** ഇപ്രകാരം കൂട്ടായ്മയുടെ ഏറ്റവും മഹനീയതലത്തിലാണ് ആദിമസഭ രക്ഷയുടെ അനുഭവം സ്വന്തമാക്കിയത്. അതിനാൽ ഉത്ഥാനം പകർന്ന രക്ഷയുടെ അനുഭവം സ്വന്തമാക്കേണ്ടത്, വി. തോമസിനെപ്പോലെ, വി. പൗലോസിനെപ്പോലെ, ഭാരതത്തിന്റെ ആദ്യവിശുദ്ധയായ വി. അൽഫോൻസാമ്മയെപ്പോലെ, മിശിഹായോടുള്ള സ്നേഹം മൂലമാകണം. സംഘാത്മകമായി രക്ഷയുടെ ഈ അനുഭവം സ്വായത്തമാക്കേണ്ടത് ആദിമക്രൈസ്തവ സമൂഹത്തിന്റെ കൂട്ടായ്മയുടെ ശൈലി സഭാസമൂഹത്തിന്റെ സമസ്തമേഖലകളിലേക്കും പ്രസരിപ്പിച്ചുകൊണ്ടാവണം

സ്നേഹം നിറഞ്ഞവരെ ഒരേ സമയം ദൈവത്തിന്റെ ദാനവും നമ്മുടെ പ്രത്യുത്തരവുമായ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമേ ഉത്ഥാനമെന്ന രഹസ്യത്തെ നമുക്ക് മനസ്സിലാക്കാനാവൂ. ഈ വിശ്വാസത്തിന്റെ നിറവിലെ ഉത്ഥാനം പകരുന്ന രക്ഷയുടെ അനുഭവം സ്വന്തമാക്കാനാവൂ. അതിനാൽ ഈശോയുടെ ശിഷ്യന്മാർ പ്രാർത്ഥിച്ചതുപോലെ കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ എന്ന് പ്രാർത്ഥിക്കാൻ നമുക്ക് കഴിയട്ടെ. ഈശോയോടുള്ള വ്യക്തിപരമായ സ്നേഹത്തിലും സമൂഹത്തോടുള്ള പ്രതിബദ്ധതയിലും ഉത്ഥാനം പകരുന്ന രക്ഷയുടെ അനുഭവം സ്വന്തമാക്കാൻ എല്ലാവരെയും പ്രത്യേകിച്ച് പ്രവാസികളായ സീറോ മലബാർ സഭയുടെ മക്കളെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മാർ സെബാസ്റ്റ്യൻ വടക്കേൽ,**







The Catholic Church has entered a new era. Its 115 Cardinals elected the first Latin American Pope in its history as the 266th Pope of the Catholic Church on 13 March 2013, after a two day conclave. **Argentine Cardinal Jorge Bergoglio,** aged 76 years, was chosen as the new Pope of the Catholic Church replacing Pope Benedict XVI. He is the first Non European Pope and has chosen the name **Pope Francis I.**

Pope Francis was born in Buenos Aires in Argentina in 1936, one of five children of a middle class family. In 1958, he joined the Jesuit Order and was ordained as a priest in 1969. Just four years later, he was chosen as the Provincial Superior of Argentina, a post he held for 10 years. He became the Archbishop of Buenos Aires in 1998. Three years later in 2001, he was made Cardinal by Pope John Paul II. His name appeared for the possible candidates for papalcy in 2005.

He is the **first Pope from Latin America** which represents a whopping 42% of the world's 1.2 million Catholics; is the **first Jesuit** to hold this title and apparently, the first named Francis after St Francis of Assisi, one of the most famous' saints of the church who dedicated his life to helping the poor.

The Jesuit order known as **"God's Marines"** demands four vows: poverty, chastity, obedience to Christ, and obedience to the Church and Pope Francis truly lives by it. He is a humble man who denied himself the luxuries that the previous Buenos Aires Cardinals enjoyed. He often rode the bus to work, cooked his own meals, lived in a basic apartment and regularly visited the slums that ring Argentina's capital.

In his first Papal message, **the Pope reiterated that the mission of the church was to serve the poor.**



The following TRUE STORY was related to Sr. M.Veronica Murphy by an elderly nun who heard it from the lips of the late Reverend Father Stanislaus SS.CC.

One day many years ago, in a little town in Luxemburg, a Captain of the Forest Guards was in deep conversation with a butcher when an elderly woman entered the shop. The butcher broke the conversation to ask the old woman what she wanted. She had come to beg for a little meat as she had no money. The Captain was amused at the woman and asked the butcher. "Only a little meat but how much are you going to give her?". "I am sorry I have no money but I'll attend a Mass for you", the woman told the butcher. Both the butcher and the Captain were indifferent about religion, so they at once began to scoff at the old woman's idea.

"All right then, "said the butcher. "You go and hear the Mass for me and when you come back I'll give you as much as the Mass is worth". The woman left the shop and returned later. She approached the counter and the butcher said, "All right then we'll see."

The woman took a slip of paper and wrote on it "I heard a Mass for you." The butcher placed the paper on the scales and a tiny bone on the other side, but nothing happened. Next he placed a piece of meat instead of the bone but still the paper proved heavier. Both men were beginning to feel ashamed of their mockery but continued their game. A large piece of meat was placed on the balance but still the paper held its own. The butcher, exasperated, examined the scales but found they were alright.

"What do you want my good woman? Must I give you a whole leg of mutton? Asked the butcher and placed the leg of mutton on the balance but still the paper outweighed the meat. A larger piece of meat was put on but again the weight remained on the side of the paper. This so impressed the butcher that he converted and promised to give the old woman her daily ration of meat.

As for the Captain, he left the shop a changed man and became an ardent lover of daily Mass. Two of his sons became priests, one a Jesuit and the other, a Father of the Sacred Heart. Later, when his sons became priests he advised them to say Mass every day and to never miss the sacrifice through any fault of their own. Father Stanislaus finished the story by saying, "I am from the Religious of the Sacred Heart & the Captain was my father.

**source: www.michaeljournal.org**

# Miracles can happen !




**Can Holy water 'heal' a Car?**

This caption may sound silly to you….doesn't it? But when you read this you may feel that it is even sillier.

Of course God's ways are silly…but not for those who strongly believe in him…

I would like to tell you a 'silly incident' which boosted my faith and assured me that miracles can, and will happen even today, if you believe.

It was on our feast day last year when it happened. We were ready to go St Cuthbert's College auditorium for the morning practice at 9 am. When my Dad started the car, it was showing a warning symbol. When he checked the User's manual we understood that it was an Engine malfunction. But we still drove to the auditorium and had the dance practice anyway. After an hour when he started the car to return home, it was showing the same symbol. We reached home and Dad immediately rang Mr. Prasad from the 'Hygrade Motors' garage. He said that the garage was not open on Sundays and that it would not open that Monday since it was Labor Day. So Dad booked an appointment for Tuesday morning. After that, he opened the bonnet and sprinkled holy water over the engine and closed it. I thought he was crazy.

Around 2 o'clock, when he started the car to go to the hall again, there was absolutely no problem with the car! It was not showing the warning symbol. It didn't show any problems after that, even on Monday. So Dad called the garage on Tuesday morning and cancelled the appointment. Now it is almost 6 months after the incident and we haven't had any problems with our car till now.

In the past, I have heard that Holy water can heal people. But I never thought it could 'Heal' a car. But I know now, that **if you believe, everything is possible to God…….. Miracles can happen………**

**Paulse Raji Anithottam**

# ഈശോയെ... അത് നീയായിരുന്നോ...



നോമ്പുകാലം കൊണ്ട് സമൃദ്ധമാണ് നമ്മുടെ കത്തോലിക്കാസഭ. മൂന്ന്നോമ്പ്, എട്ടുനോമ്പ്, ഇരുപത്തഞ്ചുനോമ്പ്, അമ്പതുനോമ്പ്... അങ്ങനെ പോകുന്നു നമ്മുടെ വ്യതാനുഷ്ഠാനപരമ്പര. നോമ്പുകാലത്തിന്റെ അർത്ഥവും, വ്യാപ്തിയും, പാരമ്പര്യത്തനിമയും, വൃതാനുഷ്ഠാനത്തിന്റെ തീവ്രതയും ഒക്കെ നമ്മൾ എത്രമാത്രം ഉൾക്കൊണ്ടിട്ടുണ്ട് എന്നുള്ളത് ഓരോരുത്തരും ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട.

എന്റെ ഓർമ്മയുടെ ചെപ്പിൽ ഞാൻ ഇപ്പോഴും കാത്തുസൂക്ഷിക്കുന്ന ഒരു നോമ്പുകാലത്തേക്ക്... നിങ്ങളെയും കൊണ്ടുപോവുകയാണ്. വളരെ പുരാതനവും പ്രശസ്തവുമാണ് എന്റെ ഇടവകപ്പള്ളി. മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കായി ജാതിമതഭേദമെന്യേ അനേകർ നാടിന്റെ നാനാഭാഗങ്ങളിൽനിന്നും അനുഗ്രഹാശിസ്സുകൾ വരാറുണ്ട് അവിടെ. പ്രത്യേകിച്ചും എട്ടുനോമ്പിന്റെ ദിവസങ്ങളിൽ... അങ്ങനെ ഞാനും നോമ്പൊക്കെ കൃത്യമായി നോക്കി... ദിവസവും പള്ളിയിൽ പോയി... കുർബാന സ്വീകരിച്ച്... പറ്റുന്നത്ര പുണ്യപ്രവർത്തികൾ ഒക്കെ ചെയ്ത്... എട്ടുദിവസം പൂർത്തിയാക്കി. എട്ടുദിവസത്തേക്ക് ഒരു പാപവും ചെയ്യില്ലെന്നു പ്രതിജ്ഞയെടുത്തതുകൊണ്ടാവണം ആരെന്തു പറഞ്ഞാലും വളരെ ചുരുങ്ങിയ മറുപടി, അല്ലെങ്കിൽ ഒരു പുഞ്ചിരി. അങ്ങനെ ഞാൻ കാത്തിരുന്ന എട്ടുനോമ്പുപെരുന്നാൾ വന്നെത്തി.

പണ്ട് വാഹനസൗകര്യങ്ങൾ കുറവായിരുന്ന കാലത്ത് ആളുകൾ പലരും അടുത്തുള്ള വീടുകളിൽ താമസിച്ച് എല്ലാദിവസവും കുർബാനയിലും നൊവേനയിലും പങ്കുകൊണ്ട്, എട്ടുനോമ്പുപെരുന്നാളുംകൂടി മടങ്ങിപ്പോകുമായിരുന്നു. അന്നൊക്കെ അത് ഓരോ ഇടവകക്കാരും ഒരു കടമയായി. മാതാവിനോടുള്ള നന്ദിപ്രകടനമായി വളരെ സന്തോഷത്തോടെ ചെയ്തുപോന്നിരുന്നു. കാലപ്രവാഹത്തിൽ പല ചടങ്ങുകളും പ്രഹസനമായി മാറുകയും ഭക്തിയും പ്രാർത്ഥനയും ഒക്കെ ഓരോരുത്തരുടെയും സൗകര്യവും സ്വകാര്യതയും ആയി മാറിയപ്പോൾ തീർത്ഥാടകരും അവരുടെ സൗകര്യർത്ഥം പള്ളിയിൽ വന്ന് നേർച്ചകാഴ്ചകൾ നടത്തി പോകാൻ തുടങ്ങി. പക്ഷേ ഇന്നും പലവീടുകളിലും പെരുന്നാൾദിവസം പ്രഭാതഭക്ഷണം മുതൽ അത്താഴംവരെ ഒരുക്കി കാത്തിരിക്കാറുണ്ട്. ബന്ധുക്കളോ... പരിചയക്കാരോ... ആരെങ്കിലും കടന്നുവന്നാലോ...

അങ്ങനെ പെരുന്നാൾദിവസം അതിരാവിലെതന്നെ എണീറ്റ് ഒരുക്കങ്ങൾ തുടങ്ങി. സന്ദർശകരായി വരാൻ സാദ്ധ്യതയുള്ള എല്ലാവരുടെയും ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചുള്ള ഭക്ഷണമൊരുക്കി കാത്തിരുന്നു. തിരക്കുമൂലം പലരും പെരുന്നാൾകുർബാനയ്ക്ക് മുമ്പ് വന്ന് പോകാറാണ് പതിവ്. വിരുന്നുകാരെയൊക്കെ നിറമനസ്സോടെ സൽക്കരിച്ച് യാത്രയാക്കി. ഇനി പ്രത്യേകിച്ച് ആരും വരാറില്ല. സ്വസ്ഥമായി പെരുന്നാൾകുർബാനയ്ക്ക് പോകാം. തലേദിവസം തേച്ച് മടക്കി വച്ചിരുന്ന സാരിയൊക്കെ ഉടുത്ത്... പതിവിലും സമയം എടുത്ത് ഒരുങ്ങിയിറങ്ങാൻ തുടങ്ങുമ്പോൾ അതാ... ഗേറ്റുകടന്ന് ഒരു വൃദ്ധൻ വരുന്നു. വളരെദൂരെ നിന്നു യാത്ര ചെയ്തുവന്നതിന്റെ ദൈന്യത അയാളുടെ കണ്ണുകളിൽ പ്രകടമായിരുന്നു. കൈയ്യിൽ വളരെ പഴകിയ ഒരു കാലൻകുട. തോളിൽ നിറം മങ്ങി ദ്രവിച്ചു തുടങ്ങിയ ഒരു തുണിസഞ്ചി. വൃദ്ധന്റെ വേഷം തന്നെ മനസ്സിൽ വല്ലാത്ത വെറുപ്പ് തോന്നിച്ചെങ്കിലും മുഖത്ത് പുഞ്ചിരി വരുത്തി അയാളെ സ്വീകരിച്ചിരുത്തി. ചായ കൊടുക്കാനുള്ള അപ്പച്ചന്റെ സിഗ്നൽ കിട്ടിയപ്പോൾ... അറിയാതെ പറഞ്ഞുപോയി ''ഈ കാരണവർക്ക് വരാൻ കണ്ടനേരം''. പിറുപിറുപ്പോടെ അടുക്കളയിൽ കയറുമ്പോൾ കുർബാനയ്ക്ക് പോകാൻ സമയമായല്ലോയെന്ന വിഷമമായിരുന്നു മനസ്സുനിറയെ. എങ്കിലും പരമാവധി മുഖത്ത് പ്രസന്നഭാവം വരുത്തി ചായയും പലഹാരങ്ങളും ഒക്കെ കൊടുത്ത് സൽക്കരിച്ചു. വൃദ്ധന്റെ ചോദ്യങ്ങൾക്ക് വളരെ ചുരുങ്ങിയ മറുപടി കൊടുക്കാനേ തോന്നിയുള്ളൂ. ആ സമയത്തു കടന്നുവന്ന അതിഥി ആയതുകൊണ്ടാവണം മനസ്സുനിറയെ അയാളോട് ഈർഷ്യയായിരുന്നു. എങ്കിലും നരച്ച താടിരോമങ്ങളുള്ള അയാളുടെ മുഖത്ത് എന്തോ ഒരു പ്രത്യേക പ്രകാശം ഉണ്ടായിരുന്നു. അയാളുടെ പുഞ്ചിരി ഹൃദയത്തിന്റെ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലുന്നതുപോലെ മോളേ... എന്നു വിളിച്ചപ്പോഴൊക്കെ മനസ്സിലെവിടെയോ സമാധാനപ്രാവുകൾ പറന്നിറങ്ങുന്നതുപോലെ........

CONTD

''വല്ല്യപ്പൻ പള്ളിയിൽ പോയി വന്നതല്ലേ... ഞാൻ പെരുന്നാൾകുർബാനയ്ക്ക് പോയിവരാം. ഉച്ചയ്ക്ക് ഊണൊക്കെ കഴിച്ചിട്ടേ പോകാവൂ...'' മറുപടിക്കു കാത്തുനിൽക്കാതെ ധൃതിയിൽ പടികളിറങ്ങുമ്പോൾ പിറകിൽനിന്നുയരുന്ന വല്യപ്പന്റെ മറുപടികേട്ട് പറന്നകന്നത് എന്റെ നെഞ്ചിലെ വെള്ളരിപ്രാവുകളായിരുന്നു.

''ഞാനിന്നു പോണില്ല മോളേ... പെരുന്നാൾകുർബാനയ്ക്ക് ഞാനും വരുന്നുണ്ട്''.

ഈശ്വരാ... ഈ വല്ല്യപ്പൻ ഇനീം എന്നെ വലയ്ക്കാനുള്ള പരിപാടിയാണോ. പെരുന്നാളൊക്കെ കൂടി തിരിച്ചു വന്ന് ഒന്നു വിശ്രമിക്കണമെന്നു കരുതിയതായിരുന്നു. ഇനിയിപ്പോൾ വല്യപ്പന്റെ ഇഷ്ടാനിഷ്ടങ്ങൾ നടത്തികൊടുക്കണം. വല്യപ്പനെങ്ങാനും കൂടെ വന്നാലോ എന്നുപേടിച്ച് ആഞ്ഞുനടന്നു. ഇതാരാണെന്നു ചോദിച്ചാൽ എന്തു മറുപടിയാ പറയുക. ബന്ധുവാണെന്നു പറയാൻ തോന്നുന്നില്ല. മാത്രമോ ധൃതിക്കിടയിൽ അപ്പച്ചനോട് വല്യപ്പനുമായുള്ള ബന്ധം എന്താണെന്നു ചോദിക്കാനും കഴിഞ്ഞില്ല. അപ്പച്ചന്റെ പരിചയത്തിൽപ്പെട്ടതായിരിക്കും. അങ്ങ് ഹൈറേഞ്ചിൽ അപ്പച്ചന് ഒത്തിരി പരിചയക്കാരുണ്ട്.

കുർബാനപ്രസംഗത്തിനിടയിൽ അച്ചൻ ആദ്യം പറഞ്ഞത് ബൈബിളിലെ വളരെ പ്രസക്തമായ ഒരു ഭാഗമായിരുന്നു. (വി. മത്തായി 25:35-40) ''എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിപ്പാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു''.

കർത്താവേ... ഞങ്ങൾ എപ്പോഴാണ് നിന്നെ കണ്ടതും ഇതൊക്കെ ചെയ്തുതന്നതും എന്ന നീതിമാന്മാരുടെ ചോദ്യത്തിന് അവിടുത്തെ മറുപടി ഇതായിരുന്നു. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്''. പെട്ടെന്ന് എന്റെ തലച്ചോറിൽ ഒരു വെള്ളിടി മിന്നി. എന്റെ കണ്ണിനുമുന്നിൽ വല്യപ്പന്റെ രൂപം തെളിഞ്ഞുവന്നു. എന്റെ ഈശോയെ... നീയാണോ പരദേശിയായി എനിക്കുമുന്നിൽ വന്നത്... എങ്കിലെന്റെ... ഈശോ... നിന്നെ പിറുപിറുപ്പോടും... വിദ്വേഷത്തോടും കൂടിയാണല്ലോ... ഞാൻ സ്വീകരിച്ചത്. എട്ടുദിവസം നോമ്പുനോക്കി വ്യതമനുഷ്ഠിച്ചത് വെറുതെയായോ... എന്നെ നീ പരീക്ഷിക്കുകയായിരുന്നോ... കുർബാനകഴിഞ്ഞ് വീട്ടിലെത്തും വരെ എന്റെ മനസ്സ് വല്ലാതെ ചഞ്ചലപ്പെടുകയായിരുന്നു. വീട്ടിലെത്തിയതേ... ആദ്യമന്വേഷിച്ചത് വല്യപ്പച്ചനെക്കുറിച്ചായിരുന്നു. ഞാൻ പോയ പിറകെ വല്യപ്പനും പള്ളിപ്പെരുന്നാൾ കൂടാനായി പോന്നത്രെ. വല്യപ്പനെ അപ്പച്ചന് എങ്ങനെയാണ് പരിചയം എന്ന ചോദ്യത്തിന് ഉത്തരം പറയാൻ അപ്പച്ചനായില്ല. കാരണം അപ്പച്ചന് വല്യപ്പനെ മുമ്പ് കണ്ടതായി ഒരു ഓർമ്മയുമില്ല. അപ്പച്ചന്റെ പേര് കൃത്യമായി വിളിക്കുകയും വീട്ടിലെ ഓരോരുത്തരെയും കുറിച്ച് തിരക്കുകയും, വർഷങ്ങളായി പരിചയമുള്ളതുപോലെ സംസാരിക്കുകയും ഇടപെടുകയും ഒക്കെ ചെയ്യുന്ന ഒരാളോട് താങ്കളാരാണെന്ന് ചോദിക്കാൻ അപ്പച്ചനും തോന്നിയില്ല. പോട്ടെ... എന്താണെങ്കിലും വല്യപ്പൻ പെരുന്നാൾ കഴിഞ്ഞു വരുമ്പം ചോദിക്കാമല്ലോ... എന്താണെങ്കിലും ഇനി വല്യപ്പനെ നിറമനസ്സോടെ സ്വീകരിക്കണം; നന്നായി സൽക്കരിക്കണം. വല്യപ്പന് ഒരു ബുദ്ധിമുട്ടും തോന്നരുത്, മനസ്സിൽ കണക്കുകൂട്ടലൊക്കെ നടത്തി... വല്യപ്പന്റെ വരവിനായി കാത്തിരുന്നു. പക്ഷേ... എന്റെ പ്രതീക്ഷകൾക്ക് വിപരീതമായി... ഇരുട്ടായിട്ടും വല്യപ്പൻ മടങ്ങിവന്നില്ല. അത്താഴസമയമായിട്ടും കാണാതിരുന്നപ്പോൾ എനിക്ക് കണ്ണീരടക്കാൻ കഴിഞ്ഞില്ല. എന്റെ സങ്കടം എന്താണെന്ന് ആർക്കും മനസ്സിലായില്ല... കാരണം അതാരായിരുന്നുവെന്ന്... ഞാൻ മാത്രമെ അറിഞ്ഞുള്ളൂ. പിന്നീടുള്ള ഓരോ എട്ടുനോമ്പുപെരുന്നാളിനും വല്യപ്പനെ സ്വീകരിക്കാൻ ഞാൻ കാത്തിരുന്നെങ്കിലും... പിന്നൊരിക്കലും വല്യപ്പൻ വന്നില്ല. ഇന്നു ഓരോ നോമ്പുകാലവും വരുമ്പോൾ... എന്റെ കണ്ണുകൾ തിരയും... ഏതു രൂപത്തിലാവും... എന്റെ ഈശോ... എന്നെത്തേടിയെത്തുക.

പ്രിയപ്പെട്ടവരേ... ഈശ്വരനെ അന്വേഷിച്ച് പള്ളികളിലോ... ധ്യാനമന്ദിരങ്ങളിലോ... തീർത്ഥാടന സ്ഥലങ്ങളിലോ ഒന്നും അലഞ്ഞുനടക്കേണ്ട.. നിങ്ങൾക്ക് ചുറ്റും കഷ്ടതയും വേദനയും അനുഭവിക്കുന്ന നിങ്ങളുടെ സഹോദരങ്ങളെ നോക്കുക. അവരിലൂടെ നിങ്ങൾക്ക് ഈശോയെ കാണാം. കൽക്കത്തയിലെ തെരുവുവീഥികളിൽ മദർ തെരേസ കണ്ടെത്തിയ ഈശോയെ നമുക്കും തിരിച്ചറിയാം. ഈ ഉയിർപ്പുദിനം... നിങ്ങൾക്ക് ഓരോരുത്തർക്കും നന്മയുടെ വിശുദ്ധിയും തിരിച്ചറിവിന്റെ വരവും നൽകട്ടെ...

ടെസി ജോജി നാകപ്പുഴ

# "അത്ഭുതബാലൻ"



'ഗലീലിയ'' മനോഹരമായ താഴ്‌വാരങ്ങളുടെയും പച്ച പുതച്ച മലനിരകളുടെയും നാട്. അതിന് മോടിയായി വിശാലമായി പരന്നുകിടക്കുന്ന ഇസ്രായേലിലെ ഏറ്റവും വലിയ ശുദ്ധജലത്തടാകമായ തിബേരിയാസ് എന്ന അപരനാമമുള്ള ഗലീലിയാക്കടൽ. ഇവിടുത്തെ ഭൂരിഭാഗം ആളുകളുടെയും ഉപജീവനമാർഗ്ഗം മൽസ്യബന്ധനവും കൃഷിയുമാണ്. അതിന് അവർ ആശ്രയിക്കുന്നത് ഗലീലിയക്കടലിലെ മൽസ്യ, ജല സമ്പത്തിനെയാണ്. എങ്കിലും ജനസംഖ്യയിൽ പകുതിയിലേറെപ്പേരും അർധപട്ടിണിക്കാരാണ്.

ഗലീലിയക്കടൽത്തീരത്തുനിന്നും കിഴക്കോട്ട് വളരെ ഉള്ളിലേക്ക് മാറിയുള്ള ഒരു കുഗ്രാമം. അവിടെ ഒരു ചെറിയഭവനത്തിൽ ഏകദേശം 12-13 വയസ് തോന്നിക്കുന്ന ഒരു ബാലൻ എങ്ങോട്ടോ യാത്ര പോകുവാൻ തയ്യാറായി നിൽക്കുന്നു. അവന്റെ അമ്മ ഒരു ചെറിയ പൊതി അവന്റെ കൈയ്യിൽ കൊടുത്ത് മൂർദ്ധാവിൽ ചുംബിച്ച് നിറഞ്ഞ കണ്ണുകളോടെ പുറത്തേക്കുള്ള പടിപ്പുരവാതിൽവരെ അവനെ അനുഗമിക്കുന്നു. കുട്ടിയുടെ മുഖം കണ്ടാലറിയാം അവന് ഒട്ടും പരിചയമില്ലാത്ത ഒരിടത്തേക്കാണ് അമ്മ അവനെ അയക്കുന്നതെന്ന്. എങ്കിലും പ്രിയപ്പെട്ട അമ്മ പകർന്നു കൊടുത്ത ധൈര്യം ആ കൊച്ചു കണ്ണുകളിൽ കാണാം.

ജോനാഥൻ, അതാണവന്റെ പേര്, വീടിന്റെ മുന്നിലെ ചെറിയ ഇടവഴി കടന്ന് പ്രധാനവഴിയിലെത്തി. ഉദയസൂര്യന്റെ പൊൻകിരണങ്ങൾ ഭൂമിയെ തൊട്ടുതലോടിത്തുടങ്ങിയിരിക്കുന്നു. അവൻ ചുറ്റിനും നോക്കി, നിരത്തിനിരുവശവും യാത്രയ്ക്ക് തയ്യാറായി നിൽക്കുന്ന ഒട്ടകങ്ങളും കുതിരവണ്ടികളും. അതിലേതെങ്കിലുമൊന്നിനെ വാടകയ്ക്കെടുക്കാൻ അവന്റെ കൈയ്യിൽ പണമില്ലല്ലോ. ഇടയ്ക്ക് ആരോടൊക്കെയോ വഴി ചോദിച്ചുറപ്പാക്കിക്കൊണ്ട് ജോനാഥൻ മുമ്പോട്ട് നടന്നു. പ്രഭാതം മദ്ധ്യാഹ്നത്തിന് വഴിമാറിയിരിക്കുന്നു.

യാത്രയ്ക്കിടയിൽ വയലുകളിലും കളിസ്ഥലങ്ങളിലും പൂമ്പാറ്റകൾക്കും കിളികൾക്കുമൊപ്പം കളിച്ചുതിമിർക്കുന്ന സമപ്രായക്കാരെ അവൻ കണ്ടില്ലെന്നു നടിച്ചു. കാരണം അവനൊരു ലക്ഷ്യമുണ്ട്. എങ്കിലും ആദ്യമായ് കാണുന്ന തെരുവോരങ്ങളും, കണ്ണഞ്ചിപ്പിക്കുന്ന വർണ്ണങ്ങളും ഉല്ലാസങ്ങളും ഒരു നിമിഷനേരത്തേയ്ക്ക് അവനെ മോഹിപ്പിച്ചു. അവന്റെ കാലുകളുടെ വേഗത കുറഞ്ഞു. പെട്ടെന്ന് അമ്മയുടെ വാക്കുകൾ അവന്റെ ചെവിയിൽ മുഴങ്ങി. ''മോനെ, നീ യേശുവിനെ കണ്ടെത്തി നമ്മുടെ കഷ്ടപ്പാടുകൾ അദ്ദേഹത്തെ അറിയിക്കണം. ഇനി യേശുവിന് മാത്രമേ നമ്മെ രക്ഷിക്കാനാവൂ''.

പെട്ടെന്ന് അവന്റെ കാലുകൾക്ക് മാന്ത്രികശക്തി ലഭിച്ചതുപോലെ വിശപ്പും ക്ഷീണവും ഒന്നും അവനെ അലട്ടിയില്ല. ചെന്നുനിന്നത് ഗലീലിയാക്കടൽത്തീരത്തിനടുത്തുള്ള ഒരു ചെറിയ പട്ടണത്തിലാണ്. ആദ്യം കണ്ട പടയാളികളോട് ഉദ്വേഗത്തോടെ അവൻ ചോദിച്ചു: ''യേശു എവിടെയാണുള്ളത്?'' അവർ അവനെ കൈചൂണ്ടി, കളിയാക്കിചിരിച്ചതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല. കുഞ്ഞുമനസ്സിൽ അവരുടെ പെരുമാറ്റം നൊമ്പരമുണർത്തിയെങ്കിലും അവൻ പ്രതീക്ഷയോടെ അവിടെ കണ്ട പ്രമാണികളോടും ഇതേ ചോദ്യം ആവർത്തിച്ചു

ചോദ്യം കേട്ട പ്രമാണികളുടെ മുഖം ചുവക്കുന്നതും, കണ്ണുകൾ ചെറുതാകുന്നതും കണ്ട് അവൻ ഭയന്നു. അവിടെനിന്നും ഓടിയകന്ന അവൻ തണലത്ത് ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധന്റെ അടുത്തെത്തി. ചോദിക്കുന്നതിനുമുൻപേ അയാൾ പറഞ്ഞു: ''മോന് യേശുവിനെയല്ലേ കാണേണ്ടത്. അദ്ദേഹം ഇതുവഴി കടന്നുപോയിട്ട് കുറച്ച് സമയമായി. എത്ര അത്ഭുതങ്ങളാണെന്നോ അദ്ദേഹം ചെയ്തത്. ഈ കടലിന്റെ മറുകരയിലേക്കാണ് അവരെല്ലാം പോയത്''. അതേ അഹങ്കാരികൾ സത്യം മൂടിവയ്ക്കാൻ ശ്രമിക്കുന്നു. എളിയവരോ അതുച്ചത്തിൽ പ്രഘോഷിക്കുന്നു.

സമയം പാഴാക്കാതെ ജോനാഥൻ കടൽത്തീരത്തുകൂടി വേഗം നടന്നു. ശാന്തമായ കടൽ. കടലിനു ചുറ്റും നടന്നുവേണം മറുകരയിലെത്താൻ. ആരോ ഓടിവരുന്ന ശബ്ദം കേട്ടാണ് ക്രിസ്തുശിഷ്യനായ ആൻഡ്രു തലയുയർത്തി നോക്കിയത്. യേശുവും ശിഷ്യന്മാരും മലമുകളിലേക്ക് കയറിയപ്പോൾ ക്ഷീണമകറ്റാനായ് സ്വൽപ്പനേരം വഴിയരുകിൽ ഇരുന്നതാണയാൾ. കീറിയ വസ്ത്രങ്ങൾ ധരിച്ച്, നഗ്നപാദനായി, വിയർത്തൊലിച്ച് അരികിലെത്തിയ കുട്ടിയുടെ കൂടെ ആരെങ്കിലും ഉണ്ടോ എന്ന് ആൻഡ്രൂ എത്തിനോക്കി. ഇല്ല കുട്ടി തനിച്ചാണ്.

CONTD

ഓടിയണച്ചുവന്നതുകൊണ്ട് ജോനാഥനിൽനിന്നും വാക്കുകൾ മുറിഞ്ഞ് മുറിഞ്ഞാണ് പുറത്തേയ്ക്ക് വന്നത്. ''യേശു... എവിടെയാണ്? എനിക്ക് അദ്ദേഹത്തെ... കാണാൻ കഴിയുമോ?'' നിന്ദിതന്റെ നിസഹായന്റെ സങ്കടം ആ ശബ്ദത്തിൽ നിഴലിച്ചു നിന്നിരുന്നതിനാലാവണം ക്ഷീണം മറന്ന് ആൻഡ്രൂ ചാടിയെണീറ്റു. ''വരൂ...'' കുട്ടിയോടായി അയാൾ പറഞ്ഞു. മല കയറുന്നതിനിടയിൽ കുട്ടി നെഞ്ചോടമർത്തിപ്പിടിച്ചിരിക്കുന്ന ചെറിയ പൊതിയിലേയ്ക്ക് കൗതുകത്തോടെ ആൻഡ്രൂവിന്റെ മിഴികൾ നീണ്ട് ചെന്നു. പൊതി ഒന്നുകൂടി ചേർത്തുപിടിച്ചുകൊണ്ട് സങ്കോചത്തോടെ അവൻ പറഞ്ഞു: ''ഇത് അമ്മ തന്നുവിട്ട ഭക്ഷണമാണ്''. ഈ ഭക്ഷണപ്പൊതിയിൽ തങ്ങളെപ്പോലെ തീരെ പാവപ്പെട്ടവർ കഴിക്കുന്ന ബാർലിയപ്പമാണെന്ന് പറയാൻ അവന്റെ അഭിമാനം അവനെ സമ്മതിച്ചില്ല. അവർ മലമുകളിലെത്തി. അതാ യേശു ഒരു വലിയ കല്ലിന്മേൽ ഇരിക്കുന്നു. ശിഷ്യന്മാർ ചുറ്റിനും നിൽക്കുന്നു. വലിയൊരു ജനക്കൂട്ടം പുൽത്തകിടികളിൽ ഇരുന്ന് യേശുവിനെ ശ്രവിക്കുന്നു. ആൻഡ്രൂവിനോട് നന്ദി പറഞ്ഞ് അവൻ മുമ്പോട്ടോടി. ജനത്തിനിടയിലൂടെ നുഴഞ്ഞ് കയറി ഇടമുണ്ടാക്കി അവൻ ഏറ്റവും മുൻപിലെത്തി. ഒരുനിമിഷം അവന്റെ കണ്ണുകൾ യേശുവിന്റെ കണ്ണുകളുമായി ഇടഞ്ഞു. ''മകനേ... നീ എത്തിയോ'' എന്ന കുശലാന്വേഷണം യേശുവിന്റെ കണ്ണുകളിൽ നിഴലിക്കുന്ന കാരുണ്യവും വാക്കുകളിലെ വാത്സല്യവും അവന് പുതിയൊരനുഭവം ആയിരുന്നു. ആ സന്നിധിയിലെത്തിയപ്പോൾ താനെന്തിനാണ് വന്നതെന്നുപോലും അവനോർത്തില്ല. യേശു നൽകുന്ന രോഗസൗഖ്യങ്ങളും, സ്നേഹസംഭാഷണങ്ങളും ശ്രവിച്ച് സമയം കടന്നുപോയതറിഞ്ഞില്ല.

പെട്ടെന്നാണ് അവൻ ശ്രദ്ധിച്ചത്. നേരം ഇരുട്ടുന്നു. സ്വന്തം കൂടുകളിലെത്താൻ തിടുക്കത്തോടെ പറന്നകലുന്ന പക്ഷിക്കൂട്ടങ്ങൾ. അവൻ ചുറ്റും നോക്കി. ജനക്കൂട്ടം ആകെ തളർന്നിരിക്കുന്നു. വിശന്നു കരയുന്ന കുഞ്ഞുങ്ങളെ അമ്മമാർ സാന്ത്വനിപ്പിക്കുന്നു. അവൻ യേശുവിനെ നോക്കി. പ്രഭാഷണം നിർത്തി ശിഷ്യന്മാരോട് എന്തോ ഗൗരവമായ ചർച്ച ചെയ്യുന്നു. അതാ യേശുവിന്റെ നിർദ്ദേശമനുസരിച്ച് ശിഷ്യന്മാർ ജനത്തിനിടയിൽ ഓടിനടന്ന് എന്തോ അന്വേഷിക്കുന്നു. ബഹുഭൂരിപക്ഷവും ഇല്ല എന്നർത്ഥത്തിൽ കൈമലർത്തുന്നു. ചുരുക്കം ചിലരാകട്ടെ തിടുക്കത്തിൽ കുപ്പായത്തിനകത്ത് എന്തോ ഒളിക്കുന്നു. എല്ലാം അറിയുന്ന യേശുവാകട്ടെ ഇതൊക്കെ വീക്ഷിച്ചുകൊണ്ട് നിശബ്ദനായിരുന്നു. നിരാശയോടെ യേശുവിങ്കലേക്ക് തിരിച്ചെത്തുന്ന ശിഷ്യന്മാർ. പെട്ടെന്നാണ് ആൻഡ്രൂ അക്കാര്യം ഓർത്തത്. ആൻഡ്രൂ യേശുവിനോട് പറഞ്ഞു: ''ഗുരോ, ഭക്ഷണം കൈവശമുള്ള ഒരു കുട്ടിയെ എനിക്കറിയാം''. വേഗം ജോനാഥന്റെ അരികിലെത്തി ആൻഡ്രൂ പറഞ്ഞു: ''കുഞ്ഞേ യേശുവിന് ഭക്ഷണം ആവശ്യമുണ്ട്''. ഒരുനിമിഷം ജോനാഥൻ ചാടിയെണീറ്റു. തന്റെ കൈയ്യിൽ ഉള്ളത് വളരെ നിസാരമായ വെറും 5 ബാർലിയപ്പവും 2 മീനും ആണെന്നുള്ളത് ഒരു കുറവായി ആ സമയം അവനു തോന്നിയില്ല. ആൻഡ്രൂവിനൊപ്പം തന്റെ അടുത്തെത്തിയ ജോനാഥന്റെ തിളങ്ങുന്ന കണ്ണുകളിലേയ്ക്ക് നോക്കി യേശു ചോദിച്ചു: ''മകനേ, നിന്റെ കൈയ്യിലുള്ള ഭക്ഷണം പങ്കുവയ്ക്കാൻ നീ തയ്യാറാണോ?'' ആവേശത്തോടെ അവൻ മറുപടി പറഞ്ഞു: ''എന്റെ കൈയ്യിൽ വളരെ കുറച്ചു മാത്രമേ ഉള്ളൂ. അതു മുഴുവൻ അങ്ങെടുത്തോളൂ'' തനിക്കുള്ളത് മുഴുവൻ അതെത്ര നിസാരമാണെങ്കിലും സമർപ്പിച്ച കുട്ടിയുടെ തലയിൽ യേശു കൈകൾ വച്ചനുഗ്രഹിച്ചു. പിന്നെ അവിടെ നടന്നതെല്ലാം ഒരു സ്വപ്നം പോലെയാണ് അവന് തോന്നിയത്. തന്റെ തുച്ഛമായ ഭക്ഷണത്തിൽ നിന്നും വീണ്ടും വീണ്ടും കുട്ടകൾ നിറയുന്നത് അവൻ അത്ഭുതത്തോടെ നോക്കിനിന്നു. ആളുകളെയെല്ലാം വിശാലമായ പുൽത്തകിടിയിൽ ഇരുത്തി ശിഷ്യന്മാർ ഭക്ഷണം വിളമ്പിത്തുടങ്ങി. അവന്റെ കൈയ്യിലും ഭക്ഷണം എത്തി. ഇത്രയും രുചി ഈ അപ്പത്തിനും മീനിനും മുൻപ് തോന്നിയിരുന്നില്ലല്ലോ എന്നവനോർത്തു. വയറ് നിറയെ ആഹാരം കഴിച്ച് സംതൃപ്തരായ ജനക്കൂട്ടത്തെ വാത്സല്യത്തോടെ നോക്കിനിൽക്കുന്ന യേശു. ''മിച്ചം വന്നത് ഒന്നിച്ചുകൂട്ടുവിൻ'' യേശു ശിഷ്യന്മാരോടായി പറഞ്ഞു. അതാ, പന്ത്രണ്ട് ശിഷ്യന്മാരുടെ കൈയിലും ഓരോ കുട്ട നിറയെ മിച്ചം വന്ന അപ്പവും മീനും. അന്ന് അവിടെ ഭക്ഷണം കഴിച്ച് തൃപ്തിയായവരുടെ എണ്ണം സ്ത്രീകളും കുട്ടികളും ഒഴികെ ഏകദേശം അയ്യായിരത്തോളം പുരുഷന്മാരായിരുന്നു.

വിശ്രമത്തിനായും തിരിച്ച് വീട്ടിലേയ്ക്ക് പോകാനും താഴേക്കിറങ്ങിയ ജനത്തിനൊപ്പം അവനും മലയിറങ്ങി. നടന്നതെല്ലാം ധ്യാനിച്ചുകൊണ്ട് രാത്രി കഴിച്ചുകൂട്ടിയ ജോനാഥൻ രാവിലെ തിരിച്ച് വീട്ടിലേയ്ക്ക് യാത്ര തിരിച്ചു. നാലുപേർ കൂടുന്നിടത്തൊക്കെ അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ''ഞാൻ യേശുവിനെ കണ്ടെത്തിയിരിക്കുന്നു. അദ്ദേഹം നമ്മുടെ രക്ഷകനാണ്''. ചിലർ അവനോടൊപ്പം അതേറ്റു പറഞ്ഞു. മറ്റു ചിലരാകട്ടെ അവനെ ഭയപ്പെടുത്തി ഓടിക്കാൻ ശ്രമിച്ചു. എങ്കിലും ഇത്തവണ അവൻ പതറിയില്ല. കാരണം അവൻ യേശുവിനെ അറിഞ്ഞുകഴിഞ്ഞിരുന്നു. വീടടുത്തെത്തിയപ്പോഴാണ് അവനതോർത്തത്. തങ്ങളുടെ കഷ്ടപ്പാടുകൾ യേശുവിനോട് പറയാൻ വിട്ടുപോയി. യേശുവിനെ കണ്ടപ്പോൾ അതൊക്കെ മറന്നുപോയി. എങ്കിലും അവൻ ഖേദിച്ചില്ല. കാരണം അതിലും വലിയ അത്ഭുതത്തിനാണല്ലോ അവൻ സാക്ഷ്യം വഹിച്ചിരിക്കുന്നത്. നടന്ന കാര്യങ്ങൾ അമ്മയെ അറിയിക്കാൻ അവൻ വെമ്പൽ കൊണ്ടു.

CONTD

വീടിനടുത്തെത്തിയ അവൻ ഞെട്ടിപ്പോയി. മേൽക്കൂര തകർന്ന് ഇടിഞ്ഞുവീഴാറായിക്കിടന്ന തന്റെ വീടിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നു. അതിന് നേതൃത്വം വഹിക്കുന്നതോ കിടക്കയിൽ എഴുന്നേറ്റ് ഇരിക്കാൻ പോലും വയ്യാതിരുന്ന തന്റെ അപ്പനും. വിശപ്പ് സഹിക്കാതെ എപ്പോഴും വഴക്കിടുകയും കരയുകയും ചെയ്തുകൊണ്ടിരുന്ന തന്റെ സഹോദരങ്ങൾ അതാ സംതൃപ്തിയോടെ ഓടിക്കളിക്കുന്നു. അവനെക്കണ്ട് അമ്മ ഓടിവന്നു. വേണ്ടത്ര ഭക്ഷണമില്ലാതെ കഠിനാധ്വാനം മൂലം അവശയായിരുന്ന തന്റെ അമ്മ ഏറെ സന്തോഷവതിയായിരിക്കുന്നു. അവൻ അമ്പരന്നു. എന്താണിവിടെ സംഭവിച്ചത്.

അമ്മ പറഞ്ഞു: ‘‘മോനെ, ഇന്നലെ വൈകിട്ട് ഇവിടെ രണ്ടുപേർ വന്നിരുന്നു. വേദനസഹിക്കാതെ കരഞ്ഞുകൊണ്ടിരുന്ന നിന്റെ അപ്പനെ അവർ സുഖപ്പെടുത്തി. നോക്കൂ... അദ്ദേഹമിപ്പോൾ പൂർണ്ണാരോഗ്യവാനാണ്. വീടിന്റെ പണികൾ എല്ലാം തീർത്ത് നാളെത്തന്നെ വള്ളവുമായി മീൻ പിടിക്കാൻ പോകാനിരിക്കുകയാണ് അപ്പൻ. തന്നെയുമല്ല കുറേ ദിവസത്തേയ്ക്കുള്ള ഭക്ഷണവുമായാണ് ഇന്നലെ രാത്രി അവരെത്തിയ ത്’’ മുറിയ്ക്കകത്തേക്ക് കൈ ചൂണ്ടി അമ്മ പറഞ്ഞു. ഒരു മൂലയിൽ വച്ചിരിക്കുന്ന ഭക്ഷണം നിറച്ച കുട്ടകൾ കണ്ടപ്പോൾ ജോനാഥനെല്ലാം മനസിലായി. ‘‘ഞാൻ പറഞ്ഞില്ലേ യേശുവിനെക്കണ്ടാൽ എല്ലാം ശരിയാകുമെന്ന്’’ അമ്മ വീണ്ടും വീണ്ടും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. അത്ഭുതങ്ങളുടെ ഘോഷയാത്ര കണ്ട് വിസ്മയിച്ചുപോയ ബാലൻ അമ്മയെ വിവരങ്ങൾ ഒക്കെ അറിയിച്ചു. ആ കുടുംബം മാത്രമല്ല അയൽക്കാരും ബന്ധുക്കളും യേശുവിനെ അറിയുകയും നാഥനും രക്ഷകനുമായ സ്വീകരിക്കുകയും ചെയ്തു.

അതെ ആ കൊച്ചുബാലൻ തനിക്കുള്ളത് മുഴുവൻ കർത്താവിന് സമർപ്പിച്ചപ്പോൾ അവന്റെ ജീവിതത്തിലും, കുടുംബത്തിലും സമൂഹത്തിലും വലിയൊരത്ഭുതം നടക്കുകയായിരുന്നു. അതുപോലെ പങ്കുവയ്ക്കലിന്റെ മഹത്ത്വവും ആ ചെറിയ ബാലനിൽക്കൂടി യേശു വ്യക്തമാക്കി. അതുകൊണ്ടാണല്ലോ നാല് സുവിശേഷകന്മാരും ഈ അത്ഭുതം വളരെ പ്രാധാന്യത്തോടെ ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ കഥയിൽ ജോനാഥനെന്ന പേരും അവന്റെ കുടുംബപശ്ചാത്തലവും സാങ്കൽപ്പികം ആണ്. എങ്കിലും പങ്കുവയ്ക്കലുകളും കർത്താവിനോടുള്ള സമ്പൂർണ്ണ സമർപ്പണവും നമ്മുടെ ജീവിതങ്ങളെയും മഹത്വപൂർണ്ണമാക്കുമെന്നതിന് യാതൊരു സംശയവുമില്ല.

**മേരിക്കുട്ടി സെബാസ്റ്റ്യൻ**

## God’s Umbrella of Protection




God is our protector and he looks after us wherever we go. He will send his mighty angels to guide us and saints to pray for us. My protection is from the book of Psalms chapter 91. **It is called the assurance of God’s protection.**

For the last three years I have been saying the assurance of God’s protection while travelling to places and at home after evening prayers. I always rely on this psalm and have strong faith that the Heavenly father who looked after the Israelites for 40 years in the wilderness, will look after me and keep me safe where ever I go. There has been always a small amount of time in my day to spend by saying the psalm 91. Psalms 91:15 says “***When they call to me, I will answer them; I will be with them in trouble, I will rescue them and honor them.***”- These bible words touched my heart. It was a great experience for me. It shows that God cares for us, humans and says that he will rescue us in the time of need. See how great God’s love for us is? Those who call him, he answers. Those who love him, he delivers and he will protect those who call his name.

So friends, let us always encourage each other by saying Psalm 91 wherever we go. Let us save a spot for Jesus in our journey so he can come with us and live with us forever.

**Liya Jose**

# നർമ്മത്തിന്റെ ഔഷധഗുണം



ഇന്നുള്ള പലരും ചിരിക്കാൻ മറന്നവരും ചിരിക്കാൻ കഴിയാത്തവരുമാണ്. കാരണം അവരുടെ ജീവിതം പിരിമുറുക്കം നിറഞ്ഞതും സംഘർഷാത്മകവുമാണ്. വരിഞ്ഞുമുറുക്കിയ മനസ്സും കരുവാളിച്ച മുഖവുമായി അവർ പ്രത്യക്ഷപ്പെടുന്നു. ഈ ഭാവം അവരുടെ നാഡീവ്യൂഹത്തെ ബാധിക്കുന്നു. ഹൃദയത്തിന്റെ താളക്രമം അപകടത്തിലാക്കുന്നു.

ഇവിടെയാണ് നർമ്മബോധത്തിനുള്ള പ്രസക്തി ശക്തമാകുന്നത്. ഒരു പുഞ്ചിരി വിടർത്താൻ ഒന്നുറക്കെ ചിരിക്കാൻ കഴിഞ്ഞാൽ തന്നെ ആന്തരിക സംഘർഷത്തിനു ലാഘവമുണ്ടാകും. എല്ലാ ജീവിതത്തിലും വളർത്തിയെടുക്കേണ്ട സിദ്ധിവിശേഷമാണ് നർമ്മബോധം. ചിലപ്പോൾ ചൂടുപിടിച്ച വാഗ്വാദവും സ്ഫോടനാത്മകരമായ അന്തരീക്ഷവുമാകാം ഉളവായിട്ടുള്ളത്. അത് ഭവനത്തിലോ ഓഫീസിലോ പ്രവർത്തനസ്ഥലത്തോ ആകാം. എന്തും സംഭവിക്കാമെന്നുള്ള അവസ്ഥയിൽ എത്തിയിരിക്കാം. അവിടെ നർമ്മബോധമുള്ള ചിലരുടെ അഭിപ്രായപ്രകടനം അന്തരീക്ഷത്തെ മുഴുവൻ മാറ്റിയെടുക്കാൻ പര്യാപ്തമായിത്തീരുന്നു.

ഭക്തിയും നർമ്മവും തമ്മിൽ പൊരുത്തപ്പെടില്ലായെന്നു ധരിച്ചുവച്ചിരിക്കുന്നവരുണ്ട്. അങ്ങനെയുള്ളവർ ഒന്നു ചിരിക്കുക വിരളം. കരുവാളിച്ച മുഖമേ അവർക്കുള്ളൂ. വാസ്തവത്തിൽ അവർ നമ്മുടെ സഹതാപമർഹിക്കുന്നവരാണ്. ആത്മീയസിദ്ധരായ എത്രയോ മഹാത്മാക്കൾ ജീവിതത്തിനു നർമ്മം പകർന്നവരാണ്. യേശുക്രിസ്തുവിന്റെ തന്നെ ഉപമകൾ പലതും നർമ്മത്തിൽ പൊതിഞ്ഞവയാണ്. അവ ഊറി ഊറി ചിരിക്കാൻ വക നൽകുന്നവയാണ്. ചിരിപ്പിക്കാൻ മാത്രമല്ല ചിന്തിപ്പിക്കാനും കഴിയുന്നതാണ് അവിടുത്തെ മൊഴികൾ. പരീശവിഭാഗക്കാരുടെ കപടഭക്തിയെപ്പറ്റി പറയുമ്പോൾ, ''നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു''. അതിലെ നർമ്മം എത്ര കുറിക്കു കൊള്ളുന്നവയാണ്. ധനവാന്മാർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിന്റെ ദുഃസാധ്യത വെളിപ്പെടുത്തുന്നത് ഇങ്ങനെ: ഒട്ടകം സൂചിക്കുഴയിൽ കൂടി കടക്കുന്നതാണ് കൂടുതൽ എളുപ്പം എന്നു പറഞ്ഞുകൊണ്ടാണ് ഉയരമുള്ളതും മുതുകു ഉന്തിനിൽക്കുന്നതുമായ ആ വലിയ ജന്തു ഒരു ചെറിയ സൂചിക്കുഴയിൽ കൂടി കടക്കുന്നത് ചിരി ഉയർത്തുന്ന ചിന്തയാണ്.

ദിവംഗതനായ മാർ ആന്റണി പടിയറയുടെ പ്രസംഗങ്ങൾ വളരെയേറെ ചിന്തോദ്ദീപകങ്ങളാണ്. തന്റെ പ്രസംഗങ്ങളിലൂടെ അദ്ദേഹം ഉതിർത്തിട്ടുള്ള നർമ്മകഥകൾ ഒളിമങ്ങാതെ അനേകരുടെ ഓർമ്മകളിൽ ഇന്നും നിലനിൽക്കുന്നു. മാർത്തോമ്മാസഭയിലെ അഭിവന്ദ്യ ക്രിസ്റ്റോസ്റ്റം തിരുമേനിയുടെ പ്രസംഗങ്ങൾ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്നവയാണ്. തിരുമേനിയുടെ നർമ്മപ്രസംഗത്തിലെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു. ഒരിക്കൽ ഒരു അമേരിക്കൻ ദമ്പതികൾ വിശുദ്ധനാട് കാണുവാൻ പോയി. ഒരു മഞ്ഞുകാലമായിരുന്നു അത്. ഭാര്യയ്ക്ക് പനിപിടിപെട്ടു കിടപ്പിലാവുകയും രണ്ടുദിവസത്തിനകം മരിക്കുകയും ചെയ്തു. മൃതദേഹം സംസ്കരിക്കുവാൻ അമേരിക്കയ്ക്കു കൊണ്ടുപോകാൻ ഭീമമായ തുക ചിലവാകും. വിശുദ്ധനാട്ടിൽ സംസ്കരിക്കാൻ താരതമ്യേന വളരെ ചിലവു കുറവും. സാമ്പത്തികബുദ്ധിമുട്ടുമൂലം മൃതദേഹം വിശുദ്ധനാട്ടിൽത്തന്നെ സംസ്കരിക്കാൻ അയാൾ തീരുമാനിച്ചു. പിന്നീടയാൾ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഇങ്ങനെ ഓർത്തു.

''2000 വർഷം മുമ്പ് ഒരാളെ ഇവിടെ സംസ്കരിച്ചിട്ട് മൂന്നാംദിവസം ഉയർത്തെഴുന്നേറ്റുവന്നു. അതുകൊണ്ട് എന്തുചിലവ് വന്നാലും ഇവളെ ഇവിടെ സംസ്കരിക്കുന്നില്ല, അമേരിക്കയ്ക്കു കൊണ്ടുപോവുക തന്നെ''. കഴിഞ്ഞവർഷം ന്യൂസിലൻഡിൽ പര്യടനം നടത്തിയ ബഹു. ജോസഫ് പുത്തൻപുരയ്ക്കലച്ചന്റെ പ്രസംഗങ്ങളിലെ തമാശയും അതിലെ ചിന്തിപ്പിക്കുന്ന ഘടകങ്ങളും നാം കേട്ടവയാണല്ലോ. ഓരോ ദിവസവും രസിക്കുവാനും ഊറിച്ചിരിക്കാനുമുള്ള എത്രയെത്ര സംഭവങ്ങളും അനുഭവങ്ങളും നമുക്കുണ്ടാവുന്നു. അവയെ അയവിറക്കുന്നത് പ്രയോജനപ്രദമാണ്. നർമ്മബോധം ഇല്ലെങ്കിൽ നമുക്കു ശരിയായ ബോധം ഇല്ലെന്നുള്ളതാണ് സത്യം.

**ജയിംസ് മണ്ണനാൽ**

Through this Easter Edition of Rainbow, Team Rainbow proudly presents "Mr Francis Joseph and Family" as part of the God's Family Column:- a salute to the selfless contributions rendered by the parishioners and their families towards the growth of the church and to the community at large.

**Mr Francis Joseph & Family:** The name "Francis Joseph" is quite synonymous with the cultural identity of our mission. He has been the driving force behind many of our cultural programmes; whether it be the Annual Parish Feast Celebrations or the Sunday School Cultural Programmes, Francis would always be there directing a play, choreographing a dance or encouraging our kids to do better. His shows and plays have always been the hallmark of our cultural activities, not to mention the hilarious comedy show that he and his team put up for the Annual Parish Feast Celebrations 2012 enjoyed by the Bishop of Auckland, Rev. Patrick Dunn himself. He is equally supported in all these worthy endeavours by Shaiby, his gorgeous wife. The couple is blessed with two wonderful kids, Ryan and Riyana.

Through this issue, Francis shares with us the divine intervention in his life, how God gave him the strength and carried him forward in those difficult moments of his life's journey.

Let his story inspire us to rely on God and to seek God's protection in our lives .



Myself is Francis Joseph living in Papatoetoe, Auckland. I hail from a traditional Roman Catholic family in Kottamam near Malayattoor, the place blessed by the visit of St. Thomas, the Apostle of Jesus Christ. My parents brought me up in a devout catholic culture and moral values which I believe are the greatest assets of my life that I can pass on to my children. Even though I am living in New Zealand now, which has a different culture and beliefs, I am able to give the same values and tradition to my children with the help of Syro-Malabar Catholic Mission (Auckland) and through Sunday School Classes.

I moved to New Zealand after living in New Delhi . After completing my Higher Secondary School Education from Kerala, I earned my Bachelor's Degree from Delhi University and went on to complete my PG Diploma in Business Management from Delhi. I worked in New Delhi as the Marketing Manager of a Fabric Company. I was an active member of the Catholic Church in Dilshad Garden. In 2001, God chose **Shaiby** as my wife and we moved to New Zealand in 2003. Shaiby is from Thodupuzha and is a registered nurse.

God blessed us with two wonderful children; Ryan and Riyana, both of them born in New Zealand . We had to face some difficult times during this period but by God's grace and blessing, we were able to overcome all our difficulties. God gave us good friends and neighbours; even total strangers, helped us and gave us emotional support during those difficult moments. **"I lift up my eyes to the hills– from where will my help come? My help comes from the Lord who made heaven and earth" (Psalms 121: 1& 2).**

For better job opportunities, I decided to undertake my nursing degree from New Zealand. Both me and my wife are now working as registered nurses in Middlemore Hospital.

While in New Zealand, I got the wonderful opportunity to be actively involved with the Syro-Malabar Catholic Mission since its formation. I served as one of the first Parish Committee Members of the Mission and also represented the Mangere Family Unit for the very first 2 years. I was also bestowed with the privilege to serve as a treasurer of the Mission for almost 5 years. I thank God and everyone especially Fr. Alex and Fr Joy for giving me this opportunity.

Now both my children are attending Sunday School Classes; I am really grateful to all the parish members for their hard work and unity. This wonderful opportunity helps us to pass on our catholic family values, culture and tradition to our children.

**Francis Joseph**

This issue of the Bible Quiz focuses on **Genesis**

Sunday School Students are encouraged to send in their answers at the earliest as prizes will be given for the first three winners.

The enthusiasm displayed by our children towards the last issue of the Bible Quiz was highly encouraging. Some of them sent their entries as early as the midnight of the first day of the release of the magazine. Team Rainbow applauds these wonderful kids and their very supportive parents.

The winners of the last Bible Quiz are : **Alka Mariya Brijesh, Catherine Benny and Paulse Anithottam**

## Congratulations to all the winners!

### Kindly read the instructions before attempting.

- Only Sunday School Children are eligible to participate.
- Answers should be sent to rainbowsmcm@gmail.com on or before 15 April.
- All answers should be based on the Catholic Edition of the Bible.
- Prizes will be given to the first three winners.

### Questions

1. The dome that God made which separated the waters was ____________.
2. God created humankind in his ___________________.
3. Adam's son from whom Noah descended was ______________.
4. The first man to plant a vineyard was _____________.
5. _________ was the father of Abram/Abraham.
6. Abraham was ___________ old when Isaac was born.
7. The place where Abraham and Sarah were buried ______________.
8. The name of Jacob's twin brother ______________.
9. Joseph was _________ old when he entered the Pharaoh's service.
10. Israel settled in the land of Egypt in the region of _____________.

**TEAM RAINBOW**

## ഓക്‌ലന്റിൽ ക്രിസ്മസ്സ് ആഘോഷവും സമ്മാനദാനവും

ന്യൂസിലന്റ്:- ഓക്‌ലന്റ് സീറോമലബാർ കാത്തലിക് സൺഡേ സ്കൂൾ ക്രിസ്മസ്സ് ആഘോഷവും സമ്മാനദാനവും ഡിസംബർ 9 ഞായറാഴ്ച എപ്സം കാത്തലിക് പള്ളിയിൽ വച്ചു നടത്തപ്പെട്ടു. ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ആരംഭിച്ച വർണ്ണാഭമായ ക്രിസ്മസ്സ് ആഘോഷങ്ങളിൽ മുഴുവൻ സൺഡേസ്കൂൾ കുട്ടികളും മാതാപിതാക്കളും പങ്കെടുത്തു. എപ്സം കാത്തലിക് പള്ളി വികാരി മോൺ. പാട്രിക് വർഡ് മുഖ്യാതിഥി ആയിരുന്നു. മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര ക്രിസ്മസ്സ് സന്ദേശം നൽകി. അധ്യാപക പ്രതിനിധി ജോസ് ജോസഫ്, സൺഡേസ്കൂൾ ലീഡർ റിയാ കോശി എന്നിവർ പ്രസംഗിച്ചു. വിവിധ ക്ലാസ്സുകളിലെ കുട്ടികൾ അവതരിപ്പിച്ച മനോഹരമായ തിരുപ്പിറവി സ്കിറ്റുകൾ, ഡാൻസുകൾ, കരോൾഗാനങ്ങൾ എന്നിവയ്ക്കുപുറമേ സമ്മാനപൊതികളുമായെത്തിയ സാന്താക്ലോസും ചടങ്ങിനു മോടി കൂട്ടി. 2012 അധ്യയനവർഷത്തിലെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള മുന്നൂറോളം സമ്മാനങ്ങൾ ചടങ്ങിൽ വച്ചു വിതരണം ചെയ്തു. 100 ശതമാനം ഹാജർ നേടിയ 35 കുട്ടികളും സമ്മാനാർഹരായി. ബഹു. വൈദികർക്കു പുറമേ അവൻഡെയിൽ മിഷനറീസ് ഓഫ് ചാരിറ്റി കോൺവെന്റിലെ സിസ്റ്റേഴ്സും സമ്മാനദാനം നിർവ്വഹിച്ചു. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള ബൈബിൾ ക്വിസ് ഫൈനൽ റൗണ്ടിൽ ഒന്നും, രണ്ടും സ്ഥാനം നേടിയ ജറുസലേം, ബഥനി ടീമുകൾക്കും, ടാലന്റ് ഫെസ്റ്റ് വ്യക്തിഗതചാമ്പ്യൻഷിപ്പ് നേടിയ അക്ഷിതാ ജോബി, പോൾസ് റജി, ഗ്ലോറി ക്ലമന്റ് എന്നിവർക്കും ബൈബിൾ കാരക്ടർ സ്റ്റഡിയിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിൽ ഒന്നാമതെത്തിയ പോൾസ് റജി, ആൻ ജോസഫ് എന്നിവർക്കുമുള്ള ട്രോഫികൾ കുർബാനമദ്ധ്യേ ഫാ. ജോയി സമ്മാനിച്ചു. സൺഡേസ്കൂൾ അദ്ധ്യാപകരും പരീക്ഷാകൗൺസിൽ അംഗങ്ങളും ചടങ്ങുകൾക്ക് നേതൃത്വം നൽകി. കേക്ക് മുറിക്കലോടെ ചടങ്ങുകൾ സമാപിച്ചു. അടുത്ത അധ്യയനവർഷത്തെ ക്ലാസ്സുകൾ ഫെബ്രു.10-ന് ആരംഭിക്കുന്നതാണ്.

## നോമ്പുകാല വാർഷികധ്യാനം

ഓക്‌ലന്റ് സീറോമലബാർ കാത്തലിക്മിഷന്റെ ആഭിമുഖ്യത്തിൽ, മാർച്ച് 10 മുതൽ 13 വരെ Immaculate Conception, Ellerslie പള്ളിയിൽവച്ച്, നോമ്പുകാലവാർഷികധ്യാനം നടത്തി. പുനലൂരിനടുത്തുള്ള കരവാളൂർ നിത്യസഹായമാതാ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ബിജു കുന്നുംപുറത്ത് ആണ് ധ്യാനം നയിച്ചത്. മാർച്ച് 10 ഞായറാഴ്ച 4 മണിക്ക് ജപമാലയോടുകൂടി ധ്യാനം ആരംഭിച്ചു. തുടർന്ന് ദിവ്യബലിയ്ക്കുശേഷം ധ്യാനപ്രസംഗവും ദിവ്യകാരുണ്യാരാധനയും നടന്നു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 5 മണി മുതൽ 9:30 വരെയായിരുന്നു ധ്യാനസമയം. ധ്യാനം വലിയൊരു ദൈവാനുഭവമായിരുന്നെന്ന് പങ്കെടുത്ത എല്ലാവരും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. നൂറുകണക്കിന് വിശ്വാസികൾ മുഴുവൻ ദിവസങ്ങളിലും ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും ജീവിതനവീകരണം നേടുകയും ചെയ്തു. ബ്ര. വിപിൻ ആണ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്.

ഓക്‌ലന്റിനു പുറമേ, ഹാമിൽട്ടൺ, ഫാംഗരേ, ക്രൈസ്റ്റ് ചർച്ച് എന്നിവിടങ്ങളിലും ധ്യാനം നടത്തപ്പെട്ടു.



Christmas Celebration and Annual Prize Giving Ceremony 2012 Auckland Syro Malabar Catholic Mission Sunday School



Annual Retreat of the Parish led by Fr Biju Kunnumpurathu CsSR

# Holy Week Celebrations 2013



The Holy Week Celebrations of the Auckland Syro Malabar Catholic Mission 2013 were conducted with much faith and devotion. It began with a solemn Palm Sunday Celebration on Sunday, the 24th March 2013. This was followed by the Maundy Thursday Festivities on 28th March 2013. The highlight of the day was the washing of the feet ceremony. This year, the Altar Boys were chosen to take the place of Jesus' disciples. This was followed by the Appam Murickal Shishrusha of the Parish. All the parishioners took active part in it.

The Good Friday Celebrations were attended by thousands of people. The event was marked by the solemn "Way of the Cross" followed by the "Nercha Kanji" . Syro Malabar Catholics from all over Auckland as well as neighbouring areas took part in the ceremonies. The Holy Saturday functions included the renewal of the Baptismal vows. The Holy Week Celebrations concluded with the Easter Vigil Mass. During the Mass, Sunday School Toppers were given awards and year 12 Sunday School Pass outs were handed over their diplomas.

The parishioners under the eminent leadership of the **Parish Priest, Rev Fr Joy Thottamkara CSsR** worked together to ensure that the celebrations were a big success.

***TEAM RAINBOW WISHES ALL THE PARISHIONERS A VERY HAPPY EASTER***

*Rainbow: Express, Exchange and be Informed of a Christian Way of Life !*



***Send your articles to rainbowsmcm@gmail.com***

**The Vision of the SM Mission**

***"We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children"***

**Printed and published by SMCM Auckland, Immaculate Conception Parish, 66 Main Highway, Ellerslie, Auckland www.asmcm.org Tel: 6303956 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**